DESPATCHED
On 02/06/2020

5/05/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം 695 001

Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

ഹർജി നമ്പർ AP.No.2930(6)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

File No.19074/SIC-Gen5/2015

സന്നിഹിതൻ

ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. ഷിബു എ.പി.,
ശ്യാം ഒട്ടോ സ്പെയേഴ്സ്,
പി.ഒ. ഇരിട്ടി,
കണ്ണൂർ - 670 703.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   ഹെഡ്മിസ്ട്രസ്,
   ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ,
   തിരൂവാലി, മലപ്പുറം - 676 123.

2. അപ്പീൽ അധികാരി &
   ജില്ലാ വിദ്യാഭ്യാസ ഓഫീസർ,
   ജില്ലാ വിദ്യാഭ്യാസ ഓഫീസ്, വണ്ടൂർ,
   മലപ്പുറം - 679 328.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 11/09/2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 28/09/2015 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 15/10/2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 20/11/2015 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 13/12/2015 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 18/12/2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 06/01/2016 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 27/01/2016 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. എ.പി. ഷിബു, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിലൂടെ ആവശ്യപ്പെട്ട വിവരങ്ങൾ വ്യക്തമായും പൂർണ്ണമായും നൽകാത്തതിനാലും ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ നൽകാത്തതിനാലും അപ്പീൽ അധികാരിയുടെ വിലാസം നൽകാത്തതിനാലും അപ്പീൽ അധികാരിക്കുവേണ്ടി ജി.എച്ച്.എസ്. തിരുവാലി എന്ന വിലാസത്തിൽ ഒന്നാം അപ്പീൽ നൽകി എന്നും മേൽപ്പടി അപ്പീൽ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാൻ നിർദ്ദേശിക്കാതെ അപ്പീൽ തീർപ്പാക്കുകയാണുണ്ടായത് എന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ

വിവരാവകാശ നിയമത്തിലെ 8(1)(ജെ) വകുപ്പു പ്രകാരം ഒഴിവാക്കാൻ നിർവ്വാഹമില്ല എന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ ജോലിയിലുള്ള സി.വിശ്വനാഥൻ എന്നവരുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിവരങ്ങളാണ്:

i. വിശ്വനാഥിന്റെ നിലവിലെ പദവി
ii. മേൽ സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ച തീയതി
iii. മേൽ സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കുന്നതിനു മുൻപ് ജോലി ചെയ്തിരുന്ന പദവിയും സ്ഥാപനത്തിന്റെ വിലാസവും
iv. വിശ്വനാഥൻ ജോലിയിൽ പ്രവേശിക്കുന്ന സമയത്തും തുടർന്നും ഗവൺമെന്റിൽ സമർപ്പിച്ച സത്യവാങ്മൂലം, ബെർത്ത് സർട്ടിഫിക്കറ്റ്, സ്കൂൾ സർട്ടിഫിക്കറ്റ് തുടങ്ങിയ എല്ലാ രേഖകളുടെയും പകർപ്പ്
v. വിശ്വനാഥന്റെ സർവ്വീസ് ബുക്കിലെ ആദ്യത്തെ 25 പേജുകളുടെയും അവസാന 10 പേജുകളുടെയും തുടർച്ചയായുള്ള പകർപ്പ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി ഹർജിക്കാരന്റെ അപേക്ഷയിലെ 1, 2, 3 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുകയും മറ്റിനങ്ങൾ സംബന്ധിച്ച് വിവരാവകാശ നിയമപ്രകാരം മറുപടി നൽകാൻ നിർവ്വാഹമില്ലെന്ന് അറിയിക്കുകയും ചെയ്തു.

3. രണ്ടാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട പൂർണ്ണ വിവരങ്ങൾ ഒന്നാം എതിർകക്ഷി നൽകിയില്ല എന്നും ശ്രീ.വിശ്വനാഥൻ കൃത്രിമമായി ഉണ്ടാക്കിയ സർട്ടിഫിക്കറ്റുകളും രേഖകളും നൽകിയാണ് നിലവിലെ ജോലി സമ്പാദിച്ചിട്ടുള്ളത് എന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട പകർപ്പുകൾ ലഭ്യമാക്കണമെന്നും മറ്റുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത് ശ്രീ. വിശ്വനാഥൻ ജോലിയിൽ പ്രവേശിച്ച സമയത്തും തുടർന്നും ഗവൺമെന്റിൽ സമർപ്പിച്ച സത്യവാങ്മൂലം, ജനന സർട്ടിഫിക്കറ്റ്, സ്കൂൾ സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകളുടെ പകർപ്പാണ് ഹർജിക്കാരൻ 4-ാം ഇനത്തിൽ ആവശ്യപ്പെട്ടത് എന്നും പി.എസ്.സി. മുഖേനയുള്ള നിയമന പ്രകാരം ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് ഗവൺമെന്റിൽ നിലവിൽ യാതൊരു സത്യവാങ്മൂലവും സമർപ്പിക്കേണ്ടതില്ലാത്തതാണെന്നും കൂടാതെ ജനന സർട്ടിഫിക്കറ്റ്, സ്കൂൾ സർട്ടിഫിക്കറ്റ് തുടങ്ങിയവയിലെ വിവരങ്ങൾ അസൽ രേഖകളുമായി ഒത്തു നോക്കിയശേഷം ഉദ്യോഗാർത്ഥിക്ക് തിരികെ നൽകുകയാണ് ചെയ്യുന്നത് എന്നും പകർപ്പ് ജോലിയിൽ പ്രവേശിച്ച കാര്യാലയത്തിൽ സൂക്ഷിക്കുന്ന പതിവില്ല എന്നും മാത്രമല്ല ടിയാൻ തിരുവാലി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ അല്ല ആദ്യമായി സേവനത്തിൽ പ്രവേശിച്ചത് എന്നും 5-ാം ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് ശ്രീ. വിശ്വനാഥന്റെ സേവന പുസ്തകത്തിലെ ആദ്യ 25 പേജുകളുടെയും അവസാന 10 പേജുകളുടെയും പകർപ്പാണെന്നും പ്രസ്തുത രേഖകൾ ഹർജിക്കാരനോ ടിയാൻ ചുമതലപ്പെടുത്തുന്ന ആൾക്കോ നേരിട്ട് പരിശോധിക്കാനും ആവശ്യമായവയുടെ പകർപ്പ് എടുക്കുവാൻ

അനുവദിക്കണമെന്നുമാണ് ഹർജിക്കാരന്റെ അപേക്ഷയിലെ അവസാന ഭാഗത്തിൽ ആവശ്യപ്പെട്ടത് എന്നും മേൽപ്പടി ഇനങ്ങളിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ വിശദമായി പരിശോധിച്ചതിൽ മേൽപ്പടി വിവരങ്ങൾ വ്യക്തിഗതമാണെന്ന് കാണുന്നു എന്നും ആയതിന്റെ വെളിപ്പെടുത്തൽ പൊതു താത്പര്യവുമായോ പൊതു പ്രവർത്തനവുമായോ ബന്ധമുള്ളതല്ല എന്നും കാണുന്നു എന്നും കൂടാതെ ഒരു വ്യക്തിയുടെ സ്വകാര്യതയെ അനാവശ്യമായി ആയതിന്റെ വെളിപ്പെടുത്തൽ ബാധിക്കുന്നതിനാൽ ആയത് നൽകുവാൻ നിർവ്വാഹമില്ലെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിലെ 4-ാം ഇനത്തിൽ ആവശ്യപ്പെട്ട രേഖകൾ ഏതെങ്കിലും പൊതു അധികാര സ്ഥാനത്ത് ലഭ്യമല്ലാത്ത ഒന്നാണെന്ന് കാണുന്നു. 5-ാം ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് ശ്രീ. വിശ്വനാഥന്റെ സേവന പുസ്തകത്തിലെ ആദ്യ 25 പേജുകളുടെയും അവസാന 10 പേജുകളുടെയും പകർപ്പുകൾ നൽകണമെന്നാണ്. സേവന പുസ്തകത്തിൽ വ്യക്തിഗത വിവരങ്ങൾ ഉൾക്കൊള്ളുന്നുണ്ടെങ്കിലും അത്തരം വിവരങ്ങൾ ഒഴികെയുള്ളവ വിവരാവകാശ നിയമപ്രകാരം നൽകാവുന്നതാണെന്ന് കാണുന്നു. ആയതിനാൽ മേൽപ്പടി സേവന പുസ്തകത്തിലെ വ്യക്തിഗത വിവരങ്ങൾ ഒഴികെയുള്ളവയുടെ പകർപ്പ് ഹർജിക്കാരന് ഈ ഉത്തരവ് കൈപ്പറ്റി 20 ദിവസങ്ങൾക്കകം സൗജന്യമായി നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. അപ്രകാരം തന്നെ മേൽപ്പടി സേവന പുസ്തകത്തിൽ നിന്നും ഹർജിക്കാരൻ ആവശ്യപ്പെട്ടതിൽ വ്യക്തിഗത വിവരങ്ങൾ ഒഴികെയുള്ളവ നേരിൽ പരിശോധിക്കുവാനുള്ള അവസരവും ഹർജിക്കാരന് സൗജന്യമായി നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 മേയ് 5-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൺ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM

us